"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ജീവനക്കാര്യം - തൊഴിൽ വകുപ്പിലെ ക്ലാർക്ക് ശ്രീ . സഞ്ജയ് എ . വി -യ്ക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

സ.ഉ.(കൈ) നം.32/2022/LBR   തീയതി,തിരുവനന്തപുരം, 11-07-2022

---

പരാമർശം:- 1. 02.12.1991-ലെ സ. ഉ (പി) നം.36/91/പി.& എ. ആർ.ഡി. നമ്പർ ഉത്തരവ്

2. ലേബർ കമ്മീഷണറുടെ 25.10.2021, 26.04.2022 തീയതികളിലെ LCO/2765/2022/ E(6) നമ്പർ കത്ത്.

**ഉത്തരവ്**

തൊഴിൽ വകുപ്പിലെ കോട്ടയം ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസിന്റെ കാര്യാലയത്തിലെ എൽ . ഡി . ക്ലാർക്ക് ശ്രീ. സഞ്ജയ് എ.വി. -യെ മാതാപിതാക്കളുടെ രോഗാവസ്ഥ കണക്കിലെടുത്ത് തിരുവനന്തപുരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ 31.03.2022 തീയതിയിൽ ക്ളാർക്ക് തസ്തികയിൽ നിലവിൽ വന്ന ഒഴിവിൽ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കണമെന്ന് പരാമർശ കത്ത് പ്രകാരം ലേബർ കമ്മീഷണർ അപേക്ഷിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും തൊഴിൽ വകുപ്പിലെ കോട്ടയം ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസിന്റെ കാര്യാലയത്തിലെ എൽ. ഡി . ക്ലാർക്ക് ശ്രീ. സഞ്ജയ് എ.വി. -യുടെ വിമുക്ത ഭടനായ പിതാവ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച്, അന്തർ ജില്ലാ സ്ഥലമാറ്റങ്ങൾക്ക് 5 വർഷം തികയണമെന്ന നിലവിലുള്ള ചട്ടത്തിൽ ഇളവ് വരുത്തി , അനുകമ്പാർഹമായ പരിഗണന നൽകി, പരാമർശ ഉത്തരവിലെ ഖണ്ഡിക 5 പ്രകാരം തിരുവനന്തപുരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ ക്ലാർക്ക് തസ്തികയിലേക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി ആന്റണി.ഐ.എ.എസ്
സെക്രട്ടറി

To

ലേബർ കമ്മീഷണർ, തിരുവനന്തപുരം.

ശ്രീ. സഞ്ജയ് എ.വി., ക്ലാർക്ക്, ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസിന്റെ കാര്യാലയം, കോട്ടയം (ലേബർ കമ്മീഷണർ മുഖേന) .

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം

ഡയറക്ടർ, ട്രഷറി, തിരുവനന്തപുരം.

പൊതുഭരണ (എസ്.സി.) വകുപ്പ് ( 06.07.2022-ലെ ഇനം നം. 899 പ്രകാരം)

സ.ഉ.(കൈ) നം.32/2022/LBR

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.
കരുതൽ ശേഖരം / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Anisha Vijayan
Date: 11-07-2022 12:46:19
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 06-07-2022

ഫയൽ നം. ഡി3/377/2021/തൊഴിൽ.

ഇനം നം: 899

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - തൊഴിൽ വകുപ്പിൽ കോട്ടയം ജില്ലയിലെ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് ഓഫീസിലെ എൽ.ഡി. ക്ലാർക്ക് ശ്രീ. എ. വി. സഞ്ജയ്-യ്ക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി. പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഡി3/377/2021/തൊഴിൽ |
| 2 | വകുപ്പ് | : | തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് |
| 3 | വിഷയം | : | തൊഴിൽ വകുപ്പിൽ കോട്ടയം ജില്ലയിലെ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് ഓഫീസിലെ എൽ . ഡി . ക്ലാർക്ക് ശ്രീ എ.വി. സഞ്ജയ്-യ്ക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി. | : | 21.06.2022 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? | : | ഇല്ല |
| | ii. സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം | : | ഇല്ല |
| | മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്. | : | ശ്രീമതി ശ്രീകല .സി. എസ് |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര്. | : | ശ്രീമതി മിനി ആന്റണി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി. | : | 27.06.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | : | ഡോ വി പി ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി. | : | 29.06.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്. | : | ശ്രീ. വി.ശിവൻകുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 01.07.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 01.07.2022 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി. | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും. | : | |

<u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>

തൊഴിൽ വകുപ്പിൽ കോട്ടയം ജില്ലയിലെ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് ഓഫീസിലെ എൽ . ഡി . ക്ലാർക്ക് ശ്രീ എ.വി. സഞ്ജയ്-യ്ക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. കോട്ടയം ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് ഓഫീസിൽ ക്ലാർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീ.സഞ്ജയ് എ.വി-യെ മാതാപിതാക്കളുടെ രോഗാവസ്ഥ കണക്കിലെടുത്ത് തിരുവനന്തപുരം ജില്ലയിൽ ഉണ്ടാകുന്ന ഒഴിവിൽ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് പരിഗണിക്കണമെന്നാവശ്യപ്പെട്ട് ലേബർ കമ്മീഷണർ ശുപാർശ സമർപ്പിച്ചിരുന്നു.

3. ശ്രീ . സഞ്ജയ് എ.വി -യുടെ വിമുക്തഭടനായ പിതാവ് സമർപ്പിച്ച ഹർജിയിൽ വാർദ്ധക്യ സഹജമായ അസുഖങ്ങളോടൊപ്പം പ്രോസ്റ്റേറ്റ് ക്യാൻസർ സംബന്ധിച്ച് ചികിത്സ തനിയ്ക്ക് നിംസ് ആശുപത്രിയിലും തന്റെ ഭാര്യയ്ക്ക് കാർഡിയോളജി ചികിത്സ എസ്.കെ ആശുപത്രിയിലും തുടർന്നു കൊണ്ടിരിക്കുന്നതിനാൽ ശ്രീ.എ.വി.സഞ്ജയ്-യ്ക്ക് തിരുവനന്തപുരം ജില്ലയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കണമെന്ന് അപേക്ഷിക്കുകയുണ്ടായി.

4. ശ്രീ എ.വി. സഞ്ജയ്, തൊഴിൽ വകുപ്പിൽ കോട്ടയം ജില്ലയിലെ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് ഓഫീസിൽ 2019 ഡിസംബർ 24-ാം തീയതി എൽ.ഡി.ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചിട്ടുള്ളതാണ്.

5. 02.12.1991- ലെ ജി.ഒ.(പി) നം. 36/91/പി & എ.ആർ.ഡി. ഉത്തരവിന്റെ ഖണ്ഡിക 5 പ്രകാരം അനുകമ്പാർഹമായ പരിഗണന നൽകി അന്തർ ജില്ലാ സ്ഥലംമാറ്റങ്ങൾക്ക് ജില്ലയിൽ 5 വർഷം തികയണമെന്ന ചട്ടത്തിന് ഇളവ് നൽകുന്നതിന് ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യമാണ് .

6. മാതാപിതാക്കളുടെ സംരക്ഷണത്തിനായി ടിയാളുടെ അന്തർജില്ലാ സ്ഥലം മാറ്റം അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7. തിരുവനന്തപുരം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ 01.04.2022 മുതൽ ഒഴിവ് നിലവിൽ വന്നതായി ലേബർ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

8. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിയ്ക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

<u>തീരുമാനിക്കേണ്ട കാര്യം</u>

തിരുവനന്തപുരം ജില്ലാ കളക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, കോട്ടയം ജില്ലയിലെ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് ഓഫീസിലെ എൽ. ഡി . ക്ലാർക്ക് ശ്രീ എ.വി. സഞ്ജയ് -യുടെ, വിമുക്തഭടനായ പിതാവ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് , അന്തർ ജില്ലാ സ്ഥലംമാറ്റങ്ങൾക്ക് 5 വർഷം തികയണമെന്ന നിലവിലുള്ള ചട്ടത്തിൽ ഇളവ് വരുത്തി, അനുകമ്പാർഹമായ പരിഗണന നൽകി, 02.12.1991-ലെ സ. ഉ (പി) നം. 36/91/പി& എ.ആർ.ഡി ഉത്തരവിലെ ഖണ്ഡിക 5 പ്രകാരം തിരുവനന്തപുരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ ക്ളാർക്ക് തസ്തികയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കാവുന്നതാണോ?

GOVERNMENT OF KERALA
(SRI. PINARAYI VIJAYAN MINISTRY)
NOTE FOR THE COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1 | File No. | : | No. D3/377/2021/LBR |
| 2 | Department | : | Labour and Skills (D) Department |
| 3 | Subject | : | Inter district transfer of Shri. Sanjay A V, Clerk, Chief Inspector of Plantations, Kottayam in Labour Department - Reg |
| 4 | Date of Chief Minister's order for placing before the Council | : | 21.06.2022. |
| 5 | i) Does the case involve financial commitments/implications | : | No |
| | ii) if the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note? | : | No<br>No |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7 | Name of Additional Secretary who submitted the Draft Note | : | Smt. Sreekala .C. S. |
| 8 | Name of Secretary who approved the Draft Note | : | Smt. Mini Antony |
| 9 | Date of approval of the Draft Note for the Council by the Secretary | : | 27.06.2022. |
| 10 | Name of Chief Secretary who approved the Draft Note | : | Dr V P Joy |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 29.06.2022 |
| 12 | Name of Minister who approved the Draft Note | : | Shri. V. Sivankutty |
| 13 | Date of approval of the Draft Note for the Council by the Minister | : | 01.07.2022 |
| 14 | Date of submission of fair copies | : | 01.07.2022 |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and date of the G.O/letter communicating the decision. | : | |

## Note for the Council of Ministers

This note deals with the inter - district transfer in respect of Shri. Sanjay A.V, Clerk, Chief Inspector of Plantations, Kottayam in the Labour Department.

2. The Labour Commissioner has submitted proposal for considering the request for inter -district transfer in respect of Shri. Sanjay A. V, Clerk, Chief Inspector of Plantations, Kottayam to Thiruvananthapuram District in the next arising vacancy, considering the ill - health of his parents.

3. Father of Shri. Sanjay A V, who is an ex- service man, has requested to transfer his son to Thiruvananthapuram District due to his on going treatment for Prostrate Cancer and geriatric diseases at NIMS hospital and his wife's cardiac treatment at S.K hospital .

4. Shri. Sanjay A.V joined as clerk in the Office of the Chief Inspector of Plantations , Kottayam on 24.12.2019.

5. Vide para 5 of G.O (P) No. 36/91/P&ARD dated 02.12.1991, report of District Collector is necessary for granting relaxation on the five - year Rule for inter- district transfer on sympathetic consideration.

6. The District Collector, Thiruvananthapuram has reported that the request for inter- district transfer put in by Shri. Sanjay A. V. may be considered on compassionate ground for looking after his parents.

7. The Labour Commissioner has reported that a vacancy of Clerk arose on 01.04.2022 at the Office of the Deputy Labour Commissioner, Vizhinjam International Port.

8. The Hon'ble Chief Minister has ordered to place the matter before the Council of Ministers.

### Point for Decision

Whether the request for inter- district transfer in respect of Shri. Sanjay A V, Clerk, Chief Inspector of Plantations, Kottayam put in by his father who is an ex- service man may be considered on compassionate ground, by relaxing the five - year Rule as per para 5 of G.O.(P) No. 36/91/P&ARD dated 02.12.1991 , as recommended by the District Collector, Thiruvananthapuram ?